**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6013** **25-03-2025 - ൽ മറുപടിയ്ക്ക്**

**കൊച്ചിൻ ദേവസ്വം ബോർഡ് കമ്മീഷണറുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിൽ ജീവനക്കാർക്കായി എത്ര ക്വാട്ടേഴ്സുകൾ ഉണ്ട്; ഇതിൽ എത്ര എണ്ണം വാസയോഗ്യമാണ്; എത്ര എണ്ണം ജീർണാവസ്ഥയിലാണ്; എത്ര എണ്ണം പൂർണമായും നശിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിൽ ജീവനക്കാർക്കായി 31 ക്വാർട്ടേഴ്സുകളുണ്ട്. ആയതിൽ 19 എണ്ണം വാസയോഗ്യമായ ക്വാർട്ടേഴ്സുകളും 12 എണ്ണം ജീർണാവസ്ഥയിലുമാണ് ഉള്ളത്. |
| (ബി) | പ്രസ്തുത ക്വാട്ടേഴ്സുകളുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ഓരോ വർഷവും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത ക്വാർട്ടേഴ്സുകളുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ, താഴെ പറയുംവിധം തുക ചെലവഴിച്ചിട്ടുള്ളതാണ്.(തുക ചിലവഴിക്കുന്നത് സർക്കാരല്ല. ദേവസ്വം ബോർഡ് ആണ്.)<br>2021-2022 - ഇല്ല<br><br>2022-2023 - 10,10,000/-<br><br>2023-2024 - ഇല്ല<br><br>2024-2025 - 13,06,921 /- |
| (സി) | കൊച്ചിൻ ദേവസ്വം ബോർഡിന്റെ നിലവിലെ കമ്മീഷണർ ആരാണ്; അദ്ദേഹം മാതൃവകുപ്പിൽ ഏതു തസ്തികയിൽ ആയിരുന്നുവെന്നും അദ്ദേഹത്തിന്റെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച വിവരവും വ്യക്തമാക്കുമോ; | (സി) | കൊച്ചിൻ ദേവസ്വം ബോർഡിന്റെ നിലവിലെ കമ്മീഷണർ ശ്രീ. ഉദയകുമാർ എസ്.ആർ ആണ്. അദ്ദേഹം ഗവൺമെന്റ് സെക്രട്ടേറിയറ്റ്, ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിൽ ജോയിന്റ് സെക്രട്ടറി തസ്തികയിലായിരുന്നു. ശമ്പളവും മറ്റു ആനുകൂല്യങ്ങളുടേയും വിവരം ചുവടെ ചേർക്കുന്നു.<br><br>Basic Pay - 1,20,900 /-<br>DA - 10,881 /-<br>HRA - 10,000 /-<br>Total - 1,41,781 /- |
| (ഡി) | കൊച്ചിൻ ദേവസ്വം ബോർഡ് കമ്മീഷണർക്ക് ഔദ്യോഗിക വസതിയായി ക്വാട്ടേഴ്സ് അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത ക്വാട്ടേഴ്സ് മോടി | (ഡി) | കൊച്ചിൻ ദേവസ്വം ബോർഡ് കമ്മീഷണർക്ക് ഒദ്യോഗിക വസതിക്കായി ക്വാർട്ടേഴ്സ് അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത ക്വാർട്ടേഴ്സിന്റെ |

| | | | |
|---|---|---|---|
| | പിടിപ്പിക്കുന്നതിനായി എത്ര തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; ക്വാട്ടേഴ്സിലേക്ക് ഭക്തരുടെ ചെലവിൽ എസിയും ടിവിയും മറ്റു വീട്ടുപകരണങ്ങളും ഉൾപ്പെടെ വാങ്ങിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | റിപ്പയർ വർക്കുകൾ നടത്തുന്നതിന്റെ ഭാഗമായി, മേൽക്കൂരയിൽ ജി.ഐ ഷീറ്റ് വിരിക്കൽ, ഫ്ളോർ ടൈൽ ഇടൽ, ഫോൾസ് സീലിംഗ്, ടോയ്ലറ്റുകളുടെ നവീകരണം, പെയിന്റിംഗ്, വർക്ക് ഏരിയയിലും കാർപോർച്ചിലും ട്രസ്സ് ചെയ്ത് ജി.ഐ ഷീറ്റ് വിരിക്കൽ, ഉപയോഗശൂന്യമായ ടോയ്ലറ്റ് കെട്ടിടം പൊളിച്ചുനീക്കൽ, അടുക്കളയുടെ ചുമർ പൊളിച്ചു നീക്കി സൗകര്യപ്രദമാക്കൽ, അലുമിനിയം കബോർട് നിർമ്മാണം, മുറ്റത്ത് ടൈൽ വിരിക്കൽ, ജനലുകൾ, വാതിലുകൾ എന്നിവയുടെ റിപ്പയർ എന്നീ ഇനങ്ങളിലായി 13 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും ആയതിൽ പാർട്ട്പെയ്മെന്റ് ആയി 8,24,738/- രൂപ ചിലവഴിച്ചിട്ടുള്ളതാണ്. ഫൈനൽ പെയ്മെന്റ് അനുവദിച്ചിട്ടില്ലാത്തതാണ്. ഇലക്ട്രിക്കൽ വർക്കുകൾക്കായി 96,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതാണ്. ആയതിന്റെ ഫൈനൽ പെയ്മെന്റ് അനുവദിച്ചിട്ടില്ലാത്തതാണ്. ക്വാർട്ടേഴ്സിലേയ്ക്കാവശ്യമായ എസി യും, മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന് ഗ്രൂപ്പ് ദേവസ്വം ഫണ്ടിൽ നിന്നുമാണ് തുക ചെലവഴിച്ചിട്ടുള്ളത്.<br>പ്രസ്തുത ക്വാർട്ടേഴ്സ് ഉപയഗിക്കുന്നതിന് HRA 10,000/- രൂപയും അടിസ്ഥാന ശമ്പളത്തിന്റെ 2% തുകയായ 2418 /- രൂപയും ഉൾപ്പെടെ ആകെ 12,418 /- രൂപ ദേവസ്വം കമ്മീഷണറിൽ നിന്നും ഈടാക്കുന്നുണ്ട്. |
| (ഇ) | കൊച്ചിൻ ദേവസ്വം ബോർഡ് കമ്മീഷണർക്ക് ഔദ്യോഗിക വാഹനമായി പുതിയ കാർ വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഏത് ബ്രാൻഡ് വാഹനമാണ് വാങ്ങിയതെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ; മുൻ കമ്മീഷണർ ഉപയോഗിച്ചിരുന്ന വാഹനം, വാങ്ങിയ വർഷം, വാഹനത്തിന്റെ മോഡൽ, ഇതിനായി ചെലവഴിച്ച തുക, പ്രസ്തുത വാഹനം മാറ്റി പുതിയത് വാങ്ങാൻ ഇടയായ സാഹചര്യം എന്നിവ വ്യക്തമാക്കുമോ; | (ഇ) | ഉണ്ട്. 2024-2025 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വാഹനം വാങ്ങുന്നതിന് 15 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി തുകയിൽ നിന്നും 14, 45, 151 /- രൂപ ചെലവഴിച്ച് ഒരു മാരുതി സുസുക്കി ബ്രാന്റ് വാഹനമാണ് വാങ്ങിയിട്ടുള്ളത്. മുൻ കമ്മീഷണർ Ford Ecosport Trend Petrol എന്ന മോഡൽ വാഹനമാണ് ഉപയോഗിച്ചിരുന്നത്. ടി വാഹനം 2020 ൽ ആണ് വാങ്ങിയിട്ടുള്ളത്. ഇതിനായി 9,80,000/- രൂപ ചിലവഴിച്ചിട്ടുണ്ട്.<br>മുൻ കമ്മീഷണർ ഉപയോഗിച്ചിരുന്ന KL 08 BU 9045 Ford Ecosport വാഹനത്തിന്റെ ബ്രേക്കിംഗ് സിസ്റ്റത്തിനു പതിവായി കേടുപാട് സംഭവിച്ച്, ആയത് പരിഹരിക്കേണ്ട സാഹചര്യം വന്നിട്ടുള്ളതും, ടി വാഹനത്തിന്റെ ഇന്ധനക്ഷമത 10 കിലോമീറ്ററിൽ താഴെ മാത്രവുമാണ്. ആയത് കൊച്ചിൻ ദേവസ്വത്തിന് സാമ്പത്തിക ബാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് ഇടയാക്കുന്ന സംഗതിയാണ്. കൂടാതെ ദേവസ്വം കമ്മീഷണർ പദവിയിലിരിക്കുന്ന ഉദ്യോഗസ്ഥന് പല ക്ഷേത്രങ്ങളിലും യാത്ര ചെയ്ത് എത്തേണ്ട സാഹചര്യം വളരെ കൂടുതലാണ്. ആയതിനാൽ ഡ്യൂറബിലിറ്റിയും ഇന്ധന ക്ഷമതയും |

| | | | |
|---|---|---|---|
| | | | ഉള്ള വാഹനം ആവശ്യമായിട്ടുള്ളതാണ്. ടി സാഹചര്യത്തിലാണ് പുതിയതായി വാഹനം വാങ്ങിയത്. |
| (എഫ്) | സാമ്പത്തിക അച്ചടക്കത്തിന് വിരുദ്ധമായും സർവീസ് ചട്ടങ്ങൾ ലംഘിച്ചും ദേവസ്വം കമ്മീഷണർ പ്രവർത്തിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദാംശം ലഭ്യമാക്കുമോ? | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്വാർട്ടേഴ്സ് നവീകരണം, പുതിയ വാഹനം വാങ്ങിയത്, ഗൃഹോപകരണങ്ങളടക്കമുള്ളവയുടെ വാങ്ങൽ എന്നിവ സംബന്ധിച്ച് ഒരുപരാതി കൊച്ചിൻ ദേവസ്വം ബോർഡിൽ ലഭിച്ചത് ബോർഡ് പരിശോധിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# PROCEEDINGS OF THE COCHIN DEVASWOM BOARD

**സംഗ്രഹം**

കൊച്ചിൻ ദേവസ്വം ബോർഡ് വക ക്വാർട്ടേഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച്.

പരാമർശം : 1. ബഹു.ദേവസ്വം കമ്മീഷണറുടെ കത്ത്.
2. ബഹു.ബോർഡിന്റെ 27/08/2024 ലെ 1-ാം നമ്പർ യോഗ തീരുമാനം.

**ഉത്തരവ് നമ്പർ ആർ1- 1912/82 തിയ്യതി- 27/08/2024**

കൊച്ചിൻ ദേവസ്വം ബോർഡിൽ 24/08/2024 ന് അന്യത്ര സേവനവ്യവസ്ഥയിൽ ചുമതലയേറ്റിട്ടുള്ള ദേവസ്വം കമ്മീഷണർക്ക് ദേവസ്വം വക ക്വാർട്ടേഴ്സ് താമസയോഗ്യമാംവിധം ആവശ്യമായ പണികൾ നടത്തിയും, വാഹനപാർക്കിംഗ് സൗകര്യത്തോടെയും അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം കത്ത് നൽകിയിട്ടുള്ളതാണ്. ആയതിനാൽ ദേവസ്വം വക B1 ക്വാർട്ടേഴ്സിൽ ആവശ്യമായ പണികൾ നടത്തി ദേവസ്വം കമ്മീഷണർക്ക് അനുവദിക്കുന്നതിനും, ആയതിനു വേണ്ട പ്രവൃത്തികൾ നടത്തുന്നതിന് മരാമത്തു വിഭാഗത്തിന് നിർദ്ദേശം നൽകിയും പരാമർശം (2) യോഗതീരുമാന പ്രകാരം ഉത്തരവാകുന്നു.

(ഉത്തരവിൻപ്രകാരം)
(ഒപ്പ്)
പി.ബിന്ദു
സെക്രട്ടറി

പകർപ്പ്

സെക്രട്ടറി ടു ബോർഡ്
എക്സിക്യൂട്ടീവ് എഞ്ചിനീയർ സി.ഡി.ബി
അസിസ്റ്റന്റ് കമ്മീഷ്ണർ (എസ്റ്റേറ്റ്),
ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ,
✓കരുതൽ ഫയൽ, ഓഫീസ് കോപ്പി.

DESPATCHED
29 AUG 2024

//അംഗീകാരത്തോടെ//